(സി) അതിൽനിന്ന ഒരാണ്ടിൽ എന്താദായം കിട്ടുന്ന; അതിന്റെ ഒരാണ്ടത്തെ സംരക്ഷണ ചിലവു് എന്താണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി) അവശസമുദായോന്നമന വകുപ്പിന്റെ കീഴിൽ.

(സി) എന്തു് ആദായം കിട്ടുമെന്നുള്ളതിനെക്കുറിച്ചു സൂക്ഷ്മവിവരങ്ങൾ കിട്ടിയിട്ടില്ല. സംരക്ഷണത്തിന്ന ഒന്നും ചിലവാകുന്നില്ല.

ശ്രീ. എം. ഐ. പാപ്പു: നല്ലതങ്ക എന്ന സിനിമാപിക്ച്ചറിൽ ഇന്ത തെങ്ങിൻതോപ്പിന്റെ നശിച്ച ഒരു ഭാഗം പ്രദർശിപ്പിച്ചിട്ടുണ്ടു്. ആ സിനിമായിൽ കൂടിയെങ്കിലും അതിനെപ്പറ്റി അറിയുവാൻ ഗവണ്മെണ്ടിന്ന ദയവുണ്ടാകുമോ?

Mr. Speaker: That quesion is disallowed.

ശ്രീ. എ. കെ. പാപ്പുപിള്ള: അതു് ആക്കെങ്കിലും പാട്ടത്തിന്ന കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ഇന്ദുചൻ അറയ്ക്കൽ: അതിൽനിന്ന ഗവണ്മെണ്ടിന്ന വല്ല ആദായവും കിട്ടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആദായത്തിന്റെ പൂർണ്ണ വിവരങ്ങളെക്കുറിച്ചു ഇപ്പോൾ അറിയുവാൻ പാടില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അവിടെ വീടുകൾ കെട്ടിക്കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവിടെ വീടുകൾ കെട്ടുന്നതിന്ന ശ്രമം നടക്കുന്നുണ്ടു്.

ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ

* ൧൧൪൪ (൧൧) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെകാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ —

(എ) ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ എപ്പോഴെങ്കിലും ആവശ്യത്തിലധികമായിപ്പോകുന്നുണ്ടോ എന്നു് പരിശോധിക്കാറുണ്ടോ;

(ബി) അവർ സഞ്ചാരപരിപാടികൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തണമെന്ന നിർദ്ദേശമുണ്ടോ;

(സി) ഫിഷറീസ് സൂപ്രണ്ടു് ൧൧—൨—൫൨ കൊണ്ടവസാനിച്ച ഒരു വർഷത്തിൽ എത്രദിവസം തൃശ്ശൂർ ഡിസ്ട്രിക്ടിലും എത്രദിവസംവീതം മറ്റു മൂന്ന ഡിസ്ട്രിക്ടുകളിലും സഞ്ചരിച്ചിട്ടുണ്ടു്;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻ മേൽപ്പറഞ്ഞ ഒരു വർഷത്തിൽ എത്രദിവസം ആഫീസിൽ ഹാജരായിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) വടക്കൻ ഡിസ്ട്രിക്ടിൽ ൧൦൧ ദിവസവും മറ്റു മൂന്ന ഡിസ്ട്രിക്ടുകളിലുംകൂടി ൭൫ ദിവസവും സഞ്ചരിച്ചിട്ടുണ്ടു്.

(ഡി) ൧൩൫ ദിവസം ആപ്പീസിൽ ഹാജരായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു മാസത്തിൽ ഇത്രദിവസം സഞ്ചരിക്കണമെന്നുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങനെയുള്ളതായി അറിയുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സഞ്ചാരം ആവശ്യത്തിലധികമായിപ്പോയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതെങ്ങിനെയാണ്?

ശ്രീ. സി. കേശവൻ: ടൂർപ്രോഗ്രാം ഗവൺമെന്റിലേയ്ക്കു അയക്കും. അതു ഗവർമ്മെന്റ് അപ്രൂവ് ചെയ്യണമെന്നുണ്ട്. ടൂർകഴിഞ്ഞാൽ അതിന്റെറിപ്പോർട്ട് ഗവർമ്മെന്റിലേയ്ക്കു വരും. അപ്പോൾ പരിശോധിക്കും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമില്ലെന്നാണോ ഗവർമ്മെന്റിന്റെ വിചാരം?

ശ്രീ. സി. കേശവൻ: ആവശ്യം ഇല്ലെന്നു പറഞ്ഞില്ല. അതു് നിർബ്ബന്ധമല്ല എന്നാണു് പറഞ്ഞതു്.

മത്സ്യവ്യവസായികൾക്കു് സൌജന്യം

*൧൧൫൪ (൧൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെകാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) നമ്മുടെ സ്റ്റോറിലുള്ള മത്സ്യവ്യവസായികൾക്കു നൽവിലയിൽ ൨൫ ശതമാനം കുറവുചെയ്തു കൊടുക്കുന്നതിനു ഗവർമ്മെന്റു് ആലോചിക്കുന്നുണ്ടോ;

(ബി) നമ്മുടെ സ്റ്റോറിലുള്ള മത്സ്യവ്യവസായികൾക്കു ഇത്തരം സൌജന്യം ആവശ്യമാണോ എന്നു ഗവർമ്മെന്റു് അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) നൽ വിലയിൽ കുറവുചെയ്തുകൊടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചനയില്ല.

(ബി) നൽവിലയിൽ സൌജന്യം ചെയ്തുകൊടുക്കുന്നതു മത്സ്യവ്യവസായികൾക്കു ഉപകാരപ്രദമായിരിക്കും. ഇപ്പോൾ ആവശ്യമുള്ള നൽതന്നെ കിട്ടുവാൻ പ്രയാസമായിരിക്കുന്നതിനാൽ വില കുറയ്ക്കുന്നകാര്യം ഇപ്പോൾ ആലോചിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. മദ്രാസിൽ മത്സ്യവ്യവസായികൾക്കു നൽ വിലകുറച്ചു കൊടുക്കുന്നതായി ഗവൺമെന്റിനു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ചൂണ്ട ഉപയോഗിച്ചു മത്സ്യം പിടിക്കുന്നവരെ മത്സ്യവ്യവസായികളുടെ കൂട്ടത്തിൽ പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അവരേയും മത്സ്യവ്യവസായികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി അവർക്കും നൽ സൌജന്യവിലയ്ക്കു കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ സംഘടിപ്പിച്ചിട്ടുള്ള ഒരു വ്യവസായം ഉള്ളതായി അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly